# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021ഫെബ്രുവരി 15

# വാർത്താക്കുറിപ്പ്

## സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് മുട്ടം കാമ്പസ് ശിലാസ്ഥാപനം ഇന്ന് (ഫെബ്രുവരി 16)

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിന്റെ തൊടുപുഴ മുട്ടം കാമ്പസിന്റെ ശിലാസ്ഥാപനം ഇന്ന് (ഫെബ്രുവരി 16) മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. വൈകീട്ട് നാലിന് മുട്ടം എൻജിനീയറിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ നടക്കുന്ന പരിപാടിയിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി കെ.ടി. ജലീൽ അധ്യക്ഷത വഹിക്കും. വൈദ്യുതിവകുപ്പ് മന്ത്രി എം.എം. മണി, തൊടുപുഴ എം.എൽ.എ. പി.ജെ. ജോസഫ്, ഇടുക്കി എം.പി. ഡീൻ കുര്യാക്കോസ് എന്നിവർ മുഖ്യാതിഥികളായിരിക്കും. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, മുട്ടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷൈജ ജോമോൻ, ജില്ലാ പഞ്ചായത്ത് മെമ്പർ സി.വി. സുനിത, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ എൻ.കെ. ബിജു, ഗ്രാമപഞ്ചായത്ത് മെമ്പർ ഡോളി രാജു, സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി. ഷാനവാസ്, ഡോ. എ. ജോസ്, പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി അരവിന്ദകുമാർ എന്നിവർ പങ്കെടുക്കും.

സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിന്റെ ഭൗതിക പഠന സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ക്ലാസ്റൂമുകൾ, ലാബുകൾ, ടൂറിസം റിസോഴ്സ് സെന്റർ, റഗുലേറ്ററി ബോഡികൾ നിഷ്കർഷിക്കുന്ന മറ്റ് സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തി നിർമിക്കുന്ന കാമ്പസാണിത്. 12.5 കോടി രൂപ മുതൽമുടക്കിൽ സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പുതിയ കെട്ടിടം നിർമിക്കുന്നത്. കിറ്റ്കോയാണ് പദ്ധതിയുടെ നിർവഹണ ഏജൻസി. 2022 മെയ് മാസത്തിൽ നിർമാണം പൂർത്തിയാകും.

(പി.ആർ.ഒ/39/237/2021)

## എം.ജി.യിൽ സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിൽ ഗുഡ്‌നോഫ്, വിറ്റിൻഗാം യോഷിനോ ചെയർ സ്ഥാപിച്ചു

മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിലുള്ള സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിൽ ഗുഡ്‌നോഫ്, വിറ്റിൻഗാം യോഷിനോ ചെയർ സ്ഥാപിച്ചു. ഫോസിൽ ഇന്ധനങ്ങളിൽ നിന്നും ലോകത്തിന് മുക്തി നൽകുവാനുതകുന്ന ലിഥിയം അയൺ ബാറ്ററികളുടെ കണ്ടുപിടിത്തത്തിന് പ്രമുഖ ശാസ്ത്രജ്ഞരായിരുന്ന പ്രൊഫ. ഗുഡ്‌നോഫ്, പ്രൊഫ. സ്റ്റാൻലി വിറ്റിൻഗാം, പ്രൊഫ. അകിരോ യോഷിനോ എന്നിവർ 2019ൽ കെമിസ്ട്രിയിലുള്ള നോബൽ സമ്മാനം നേടിയിരുന്നു. ചാർജ് ചെയ്ത് പുനരുപയോഗിക്കാവുന്ന ഈ ബാറ്ററികളാണ് മൊബൈൽഫോൺ, ലാപ്ടോപ് മുതലായ ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് അടിസ്ഥാനമായത്. വൈദ്യുതവാഹനങ്ങൾ മുതൽ പാരമ്പര്യേതര ഊർജസ്രോതസുകളിൽ നിന്നും ഊർജം ശേഖരിച്ചുവയ്ക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ സഹായകമായതിനാൽ ഭാവിയിൽ ഫോസിൽ ഇന്ധന വിമുക്തലോകം എന്നത് ഈ കണ്ടുപിടുത്തം മൂലം സാധ്യമായി. 1970ൽതന്നെ വിറ്റിൻഗാം ഈ ബാറ്ററി കണ്ടുപിടിക്കുകയും ഗുഡ്‌നോഫ് അതിന്റെ പ്രവർത്തനക്ഷമത ഇരട്ടിയിലധികം വർധിപ്പിക്കുകയും യോഷിനോ അതിൽ ഉപയോഗിക്കുന്ന ലിഥിയം ഒഴിവാക്കുക വഴി ഉപയോഗത്തിന് സുരക്ഷിതമാക്കുകയും ചെയ്തു.

ഇന്ത്യയിലും വിദേശത്തുമുള്ള പ്രമുഖ ശാസ്ത്രജ്ഞർക്ക് ഊർജമേഖലയുമായി ബന്ധപ്പെട്ട് സെമിനാറുകൾ, കോൺഫറൻസുകൾ, ചർച്ചകൾ, പഠന സഹായ ശില്പശാലകൾ എന്നിവയിൽ പങ്കെടുക്കുവാനുള്ള അവസരം ഈ ചെയർ ഒരുക്കും. ഭാവിയിലെ ഊർജ സ്രോതസുകൾ, ശേഖരണം, സൗര ഊർജം, ഹൈഡ്രജൻ ഇന്ധനം എന്നീ വിഷയങ്ങളിൽ മഹാത്മാഗാന്ധി സർവകലാശാലയിലെ അധ്യാപകർക്കും ഗവേഷകർക്കും ഈ മേഖലയിലുള്ള സംയുക്ത ഗവേഷണ പഠനങ്ങൾക്ക് ഉപകരിക്കുക വഴി മികച്ച ഗവേഷണ പഠന നിലവാരം ഉയർത്തുന്നതിനു വഴി തെളിക്കുകയും ചെയ്യും.

(പി.ആർ.ഒ/39/238/2021)

## ഫോട്ടോ ക്യാപ്ഷൻ

**'പോളിമർ സയൻസ് ആന്റ് ടെക്നോളജിയിലെ മാറുന്ന ഗതി' എന്ന വിഷയത്തിൽ എൻ.ഐ.ടി. കാലിക്കറ്റ് സംഘടിപ്പിച്ച ദേശീയ സമ്മേളനത്തിൽ ബെസ്റ്റ് പേപ്പർ അവാർഡ് കരസ്ഥമാക്കിയ ബ്ലസി ജോസ്. മഹാത്മാഗാന്ധി സർവകലാശാലയിലെ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന്റെയും പ്രൊഫ. നന്ദകുമാർ കളരിക്കലിന്റെയും കീഴിലെ സീനിയർ ഗവേഷകയാണ്**

(പി.ആർ.ഒ/39/239/2021)

**33-ാം കേരള സയൻസ് കോൺഗ്രസിൽ ബെസ്റ്റ് പോസ്റ്റർ അവാർഡ് കരസ്ഥമാക്കിയ അബിത വി.കെ. മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓപ് കെമിക്കൽ സയൻസസിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന്റെ കീഴിൽ എം.ആർ.എഫ്. ടയേഴ്സിന്റെ സാമ്പത്തിക സഹകരണത്തോടെ 'കാർബൺ ബ്ലാക്ക് ഡിസ്ട്രിബ്യൂഷൻ ഇൻ റബർ ബ്ലെന്റ്സ്' എന്ന വിഷയത്തിൽ ഗവേഷകയുമാണ്**

(പി.ആർ.ഒ/39/240/2021)

## പരീക്ഷകൾ മാറ്റി

ഫെബ്രുവരി 16 മുതൽ നടത്താനിരുന്ന ഏഴാം സെമസ്റ്റർ ബി.ടെക് (2015 അഡ്മിഷൻ മുതൽ - റഗുലർ/സപ്ലിമെന്ററി - സീപാസ്) പരീക്ഷകൾ മാറ്റി. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ/39/241/2021)

ഫെബ്രുവരി 16, 17 തീയതികളിൽ നടത്താനിരുന്ന ഒന്നും മൂന്നും സെമസ്റ്റർ എൽ.എൽ.ബി. (പഞ്ചവത്സരം) പരീക്ഷകൾ മാറ്റി. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ/39/242/2021)

## പരീക്ഷ തീയതി

മൂന്നാം സെമസ്റ്റർ എം.എസ് സി. മെഡിക്കൽ ഡോക്യുമെന്റേഷൻ (2016 അഡ്മിഷൻ മുതൽ റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ ഫെബ്രുവരി 26 മുതൽ ആരംഭിക്കും. പിഴയില്ലാതെ ഫെബ്രുവരി 16 വരെയും 525 രൂപ പിഴയോടെ ഫെബ്രുവരി 17 വരെയും 1050 രൂപ സൂപ്പർഫൈനോടെ ഫെബ്രുവരി 18 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/243/2021)

## പ്രവേശന തീയതി പുനഃക്രമീകരിച്ചു

തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ നടത്തപ്പെടുന്ന എം.എഫ്.എ. പ്രവേശനത്തിനുള്ള അവസാന തീയതി ഫെബ്രുവരി 25 ആയി പുനക്രമീകരിച്ചു. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ. ഫോൺ: 9447486821, 9744045432.

(പി.ആർ.ഒ/39/244/2021)

## അപേക്ഷ തീയതി നീട്ടി

മഹാത്മാഗാന്ധി സർവകലാശാലയുടെ വിവിധ പഠനവകുപ്പുകളിൽ പുതുതായി ആരംഭിച്ചിട്ടുള്ള ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളായ എം.എസ് സി. നാനോസയൻസ് ആന്റ് നാനോടെക്നോളജി (ഫിസിക്സ്), എം.എസ് സി. നാനോ സയൻസ് ആന്റ് നാനോടെക്നോളജി (കെമിസ്ട്രി), എം.എസ് സി. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ്, എം.എസ് സി. സ്റ്റാറ്റിസ്റ്റിക്സ് പ്രോഗ്രാമുകളിലേക്കും എം.ടെക് പ്രോഗ്രാമുകളായ എം.ടെക് നാനോ സയൻസ് ആന്റ് നാനോ ടെക് നോളജി, എം.ടെക് എനർജി സയൻസ് എന്നീ പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിനായി അപേക്ഷിക്കുന്നതിനുള്ള സമയപരിധി ഫെബ്രുവരി 28 വരെ നീട്ടി. www.cat.mgu.ac.in എന്ന വെബ് സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരത്തിന് ഫോൺ: 0481-2733595. ഇമെയിൽ: cat@mgu.ac.in

(പി.ആർ.ഒ/39/245/2021)

## ഉത്തരക്കടലാസ് സൂക്ഷ്മപരിശോധന

ബി.കോം (പ്രൈവറ്റ്) സ്പെഷൽ മേഴ്സി ചാൻസ് ഡിസംബർ 2019 (ആന്വൽ സ്കീം) പരീക്ഷയുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർഥികൾ തിരിച്ചറിയൽ കാർഡ്/ഹാൾടിക്കറ്റുമായി ഫെബ്രുവരി 19ന് സിൽവർ ജൂബിലി പരീക്ഷഭവനിലെ 225-ാം നമ്പർ മുറിയിൽ എത്തണം.

(പി.ആർ.ഒ/39/246/2021)

## അന്തിമ റാങ്ക് പട്ടിക

2018 ജൂണിൽ നടന്ന അവസാന വർഷ ബി.ഫാം പരീക്ഷയുടെ അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു. പുതുപ്പള്ളി ഡി.പി.എസിലെ ദിയ തോമസ്, ഗ്ലോറിയ പോൾ, ശ്രീലക്ഷ്മി വി.എസ്. എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി.

(പി.ആർ.ഒ/39/247/2021)

## പരീക്ഷഫലം

2020 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ് സി. സ്റ്റാറ്റിസ്റ്റിക്സ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 27 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/248/2021)

**നജീബ്എം.**

പബ്ലിക്റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)